# പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2128**
**18.07.2016–ന് മറുപടിയ്ക്ക്**

## നോൺ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (കൊമേഴ്സ്) ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) നോൺ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (കൊമേഴ്സ്) ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) നോൺ വൊക്കേഷണൽ ടീച്ചർ (കൊമേഴ്സ്) ന്റെ ആകെ 9 ഒഴിവുകളുണ്ട്. ആയത് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) എൻ ജെ ഡി ആയി എത്ര വേക്കൻസികൾ നിലവിലുണ്ടെന്നും അത് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ; | (ബി) 6 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്. ആയത് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) സംസ്ഥാനത്ത് നോൺ വൊക്കേഷണൽ എച്ച് എസ് എസ് റ്റി (കൊമേഴ്സ്)ന്റെ അൻപതോളം ഒഴിവുകൾ നിലവിലുണ്ടായിട്ടും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) 6 എൻ.ജെ.ഡി. ഒഴിവുകളും മറ്റ് തസ്തികകളിലേക്ക് മാറുന്നതിനായി വിടുതൽ അനുവദിക്കപ്പെട്ട 3 നോൺ വൊക്കേഷണൽ ടീച്ചർ(കൊമേഴ്സ്)-ന്റെ 3 പ്രതീക്ഷിത ഒഴിവുകളും മാത്രമാണ് നിലവിലുള്ളത്. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ വിടുതൽ തീയതി അറിയിക്കുന്ന മുറയ്ക്ക് മാത്രമേ എല്ലാ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാനാകുകയുള്ളൂ. |
| (ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവ് നിലനിൽക്കെ ഒഴിവുകൾ ഉണ്ടായിട്ടും അത് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

Geetha
സെക്ഷൻ ഓഫീസർ